# ഭരണഭാഷ - മാതൃഭാഷ

അടിയന്തിരം / സമയബന്ധിതം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 31.05.2021

നമ്പർ. ഇ.എ-2/16827/21/ഡി.ടി.ഇ

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - വകുപ്പിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നത് - നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന :- സർക്കാർ ഉത്തരവ് G.O(Rt)No.710/2021/HEDN. തിയതി 29/05/2021

2021-22 അക്കാദമിക വർഷം വകുപ്പിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വകുപ്പിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2021-22 അക്കാദമിക വർഷത്തിലേക്കുള്ള ക്ലാസ്സുകൾ 2021 ജൂൺ 1 ന് തന്നെ ആരംഭിക്കുന്നതാണ്.
2. ലോക്ക്ഡൌണിൻറെയും കോവിഡ് നിയന്ത്രണങ്ങളുടെയും സാഹചര്യത്തിൽ അധ്യാപകർ ഓൺലൈൻ ആയി ക്ലാസുകൾ കൈകാര്യം ചെയ്യേണ്ടതും വിദ്യാർഥികൾക്ക് ആവശ്യമായ പഠന സഹായികളും നോട്ടുകളും PDF രൂപത്തിലും മറ്റും നൽകേണ്ടതുമാണ്. രാവിലെ 8.30 മുതൽ വൈകുന്നേരം 3.30 വരെയുള്ള സമയത്തിനിടയ്ക്ക് ചുവടെ പറയുന്ന ഏതെങ്കിലും സമയക്രമത്തിൽ ക്ലാസ്സുകൾ നടത്താവുന്നതാണ്.

- രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് ശേഷം 1.30 വരെ
- രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ
- രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ

3. ഈ സമയക്രമത്തിൽ, എല്ലാ ദിവസവും ചുരുങ്ങിയത് രണ്ട് മണിക്കൂർ എങ്കിലും ഓൺലൈൻ ക്ലാസ്സുകൾ ഉണ്ടായിരിക്കേണ്ടതാണ്. ബാക്കി സമയങ്ങൾ വിദ്യാർഥികൾക്ക് പഠനസംബന്ധമായ/സഹായകരമായ കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. വെള്ളിയാഴ്ച ദിവസങ്ങളിൽ ക്ലാസ്സുകൾ നിലവിൽ തുടർന്നു വരുന്ന രീതി തുടരുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ക്ലാസുകൾ കൈകാര്യം ചെയ്യേണ്ട സമയക്രമം വിദ്യാർഥികൾക്ക് കൂടി സൌകര്യപ്രദമായ രീതിയിൽ സ്ഥാപനത്തിലെ/കോളേജിലെ കൌൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്. തുടർച്ചയായി ഓൺലൈൻ ക്ലാസ്സ് നടക്കുന്നതിലെ അസൌകര്യം സംബന്ധിച്ച് വിദ്യാർഥികളിൽ നിന്നും പരാതികൾ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ വിദ്യാർഥികൾക്ക് കൂടി സൌകര്യപ്രദമായ നിലയിൽ ക്ലാസുകൾ ക്രമീകരിക്കുവാൻ സ്ഥാപനമേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. കഴിഞ്ഞ അധ്യയന വർഷത്തെ പാഠഭാഗങ്ങൾ ബാക്കിയുണ്ടെങ്കിൽ അവ തീർക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

5. ഓൺലൈൻ സംവിധാനം ഒരുക്കുവാൻ ഏതൊക്കെ സോഫ്റ്റ് വെയർ ഉപയോഗിക്കണമെന്നത് കുട്ടികളുടെ എണ്ണവും പാഠ്യവിഷയവും അനുസരിച്ച് സ്ഥാപന മേധാവികൾ/അധ്യാപകർ തീരുമാനിക്കേണ്ടതാണ്. ആയതിലേക്ക് ആവശ്യാനുസരണം NIC Vidya Platform, Zoom, Google Class Room, Google Meet, Microsoft Teams, Webex തുടങ്ങിയ വിവിധ വീഡിയോ കോൺഫറൻസിംഗ് സങ്കേതങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ ഇതിനായി ഓരോ സ്ഥാപനങ്ങൾക്കും പ്രത്യേകം Learning Management System (LMS) - കൾ ആരംഭിക്കുവാൻ ശ്രമിക്കേണ്ടതാണ്.

6. ലോക്ക് ഡൌൺ പിൻവലിക്കുന്നതിന് അടുത്ത ദിവസം അധ്യാപകർ ഉൾപ്പെടെ വെക്കേഷൻ ആനുകൂല്യം ലഭിക്കുന്ന എല്ലാ ജീവനക്കാരും നിലവിലെ സർക്കാർ ഉത്തരവ് അനുസരിച്ച് അവരവർ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ഹാജരാകേണ്ടതാണ്. കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ യാത്ര

Draft #1 of File EA2/16827/21/DTE Approved by Director (in-charge) on 31-May-2021 11:29 AM - Page 1

ചെയ്യാൻ ബുദ്ധിമുട്ട് നേരിടുന്ന പക്ഷം സ്ഥാപനമേധാവിയെ അറിയിക്കേണ്ടതാണ്. തുടർന്നുള്ള ദിവസങ്ങളിൽ ഓൺലൈൻ ക്ലാസ്സിന് ഏർപ്പെടുന്ന ജീവനക്കാർ വർക്ക് ഫ്രം ഹോം ആയിട്ടാണ് ക്ലാസുകൾ എടുക്കേണ്ടത്. കൂടാതെ ഓരോ ദിവസത്തെയും സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ സേവനം നിലവിലെ സർക്കാർ ഉത്തരവ് അനുസരിച്ച് സ്ഥാപനമേധാവികൾ ഉറപ്പാക്കേണ്ടതാണ്.

7. കോവിഡ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത ജോലിക്ക് മുൻഗണന നൽകേണ്ടതാണ്.

8. അധ്യാപകർ എടുത്ത ക്ലാസുകൾ സംബന്ധിച്ച റിപ്പോർട്ട് ആഴ്ചയിൽ ഒരിക്കൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക്/സ്ഥാപന മേധാവികൾക്ക് നൽകേണ്ടതാണ്.

9. സ്ഥാപനങ്ങളിലെ അനധ്യാപക ജീവനക്കാർ, സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള പൊതു ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പ്രകാരം ജോലിക്ക് ഹാജരാകേണ്ടതാണ്.

10. ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാനുള്ള സാങ്കേതിക സൌകര്യം അപര്യാപ്തമായ വിദ്യാർഥികളെ തിരിച്ചറിയുകയും അവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ എത്തിക്കുന്നതിന് സ്ഥാപനമേധാവികൾ നേതൃത്വം നൽകേണ്ടതാണ്. ഇതിനായി അക്ഷയ സെൻററുകൾ/വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

11. അധ്യയന വർഷാരംഭം മുതൽ അധ്യാപകരുടെ ജോലിഭാരം കണക്കാക്കി, അഡീഷണൽ വർക്ക് ലോഡിന് വേണ്ട അതിഥി അധ്യാപകരെ ഈ കാര്യാലയത്തിൽ നിന്നുള്ള അനുമതിയോടെ നിയമിക്കാവുന്നതാണ്.

12. എല്ലാ സ്ഥാപനങ്ങളിലും കുറ്റമറ്റ രീതിയിൽ അധ്യയനം നടക്കുന്നുണ്ടെന്ന് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. അധ്യാപകരും വിദ്യാർഥികളും ജീവനക്കാരും സർക്കാരിൻറെ കോവിഡ് സംബന്ധമായ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ കോവിഡ് ജാഗ്രതയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മുൻ ഉത്തരവുകളിലെ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

13. കോവിഡ് ജാഗ്രതയുടെ ഭാഗമായി അധ്യാപകരുടെയും വിദ്യാർഥികളുടെയും പ്രാദേശിക ജനപ്രതിനിധികളുടെയും പ്രത്യേക സമിതികൾ സ്ഥാപനതലത്തിൽ ഉണ്ടാക്കി സ്ഥിതിഗതികൾ അവലോകനം ചെയ്യുന്ന നേരത്തെയുള്ള രീതി തുടരേണ്ടതാണ്.

14. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും തുടർന്ന് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണം പരിഷ്കരണത്തിന് വിധേയമായിരിക്കും.

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. വകുപ്പിന് കീഴിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്ഥാപന മേധാവികൾക്കും (ഡി.ടി.ഇ വെബ്സൈറ്റ് മുഖേന)
2. കരുതൽ സഞ്ചയം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

Draft #1 of File EA2/16827/21/DTE Approved by Director (in-charge) on 31-May-2021 11:29 AM - Page 2